ഏ.സി എച്ച്/ 2021
11.01.2021

## പത്രകുറിപ്പ്

## ഒന്നാം വർഷ ബി. എഡ് പ്രവേശനം-2020 ജനറൽ / മറ്റ് സംവരണ വിഭാഗക്കാർക്ക് സ്പോട്ട് അലോട്ട്മെന്റ് - ജനുവരി 12, 13- ന്

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെൻറ്, എയ്ഡഡ്, സ്വാശ്രയ, കെ.യു.സി.ടി.ഇ കോളേജുകളിലെ ഒന്നാം വർഷ ബി. എഡ് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് ജനറൽ / മറ്റ് സംവരണ വിഭാഗക്കാർക്ക് സ്പോട്ട് അലോട്ട്മെന്റ് യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്ത് നടത്തുന്നു.

ബി.എഡ് നാച്ചുറൽ സയൻസ്, ഫിസിക്കൽ സയൻസ്, മാത്തമാറ്റിക്സ്, സോഷ്യൽ സയൻസ്, ജിയോഗ്രാഫി എന്നീ വിഷയങ്ങൾ ജനുവരി 12-നും ബി.എഡ് ഇംഗ്ലീഷ്, മലയാളം, ഹിന്ദി, തമിഴ്, അറബിക്, സംസ് കൃതം, കോമേഴ്സ് എന്നീ വിഷയങ്ങൾ ജനുവരി 13-നുമാണ് സ്പോട്ട് അലോട്ട്മെന്റ് നടത്താൻ തീരുമാനിച്ചിരിക്കുന്നത്

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റ് ഔട്ടും അഡ്മിഷൻ ഫീസും (SC/ST – Rs. 230/- മറ്റുള്ളവർക്ക് – Rs. 1130/-) നിർബന്ധമായും കൊണ്ട് വരേണ്ടതാണ്.

വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്ത് 10 മണിക്ക് ഹാജരാകേണ്ടതാണ്. സ്പോട്ട് അഡ്മിഷൻ നടക്കുന്ന വേദിയിലേക്ക് വിദ്യാർത്ഥികളെ മാത്രമേ കടത്തി വിടുകയുള്ളു. രക്ഷിതാക്കൾ ക്യാമ്പസ്സിന് പുറത്തുള്ള ഗ്രീൻ ഫീൽഡ് സ്റ്റേഡിയ പരിസരത്തു വാഹനങ്ങൾ പാർക്ക് ചെയ്ത് കാത്തിരിക്കേണ്ടതാണ് .

ഒഴിവുള്ള കോളേജുകളുടെയും സീറ്റുകളുടെയും വിവരം സർവകലാശാല വെബ് സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട പ്രോട്ടോകോൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

ഒപ്പ്
**രജിസ്ട്രാർ**